REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 10-06-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച ചരക്ക് കപ്പൽ വാൻഹായി 503-ൽ നിന്ന് രക്ഷപെടുത്തിയ 18 ജീവനക്കാരെയും മംഗലൂരുവിലെത്തിച്ചു. കാണാതായവർക്കായി തിരച്ചിൽ തുടരുകയാണ്.**
- **ആക്സിയം-4 ദൗത്യത്തിന്റെ ഇന്നത്തെ വിക്ഷേപണം മോശം കാലാവസ്ഥയെത്തുടർന്ന് നാളത്തേയ്ക്ക് മാറ്റി.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പ്രചാരണം ഊർജ്ജിതം.**
- **സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നിലവിൽ വന്നു.**
- **ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ MS ധോണി ICC ഹാൾ ഓഫ് ഫെയിമിൽ.**

## വാർത്തകൾ വിശദമായി

കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച ചരക്ക് കപ്പൽ വാൻഹായി 503-ൽ നിന്ന് ഇന്ത്യൻ നാവികസേനയും, കോസ്റ്റ് ഗാർഡും രക്ഷപെടുത്തിയ 18 ജീവനക്കാരെയും മംഗലൂരുവിലെത്തിച്ചു. രാത്രി 10.45 ഓടെയാണ് കപ്പൽ ജീവനക്കാരെ മംഗലൂരുവിലെത്തിച്ചത്. പരിക്കേറ്റ അഞ്ചു പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ രണ്ട് പേരുടെ നില ഗുരുതരമാണ്. സംഭവത്തിൽ നാല് പേരെ ഇനിയും കണ്ടെത്താനായിട്ടില്ല. ഇവർക്കായി തിരച്ചിൽ തുടരുകയാണെന്ന് തീരരക്ഷാസേന അറിയിച്ചു.

കൊളംബോയിൽ നിന്ന് മുംബൈയിലേക്ക് പോവുകയായിരുന്ന സിംഗപ്പൂർ ചരക്ക് കപ്പലിൽ 22 ജീവനക്കാരാണ് ഉണ്ടായിരുന്നത്. കപ്പലിൽ ആന്തരിക സ്ഫോടനത്തെ തുടർന്ന് തീപിടുത്തം ഉണ്ടായതെന്നാണ് റിപ്പോർട്ടുകൾ.

ഇന്നലെ രാവിലെ 9.30 ഓടെയാണ് സംഭവത്തെക്കുറിച്ച് വിവരം ലഭിച്ചതെന്ന് നാവികസേന അറിയിച്ചു. ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി INS സൂറത്തും ഒരു ഡോർണിയർ വിമാനവും ഇന്ത്യൻ നാവികസേന ഉടൻതന്നെ വിന്യസിച്ചിരുന്നു. പരിക്കേറ്റ ജീവനക്കാർക്ക് പ്രഥമശുശ്രൂഷ നൽകി.

കപ്പൽ അപകടത്തെ തുടർന്ന് മത്സ്യതൊഴിലാളികൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ പരിശോധിക്കുമെന്ന് മന്ത്രി VN വാസവൻ ഇന്നലെ അറിയിച്ചിരുന്നു.

✪✪✪

കപ്പൽ തീപിടുത്തത്തെ തുടർന്ന് എലത്തൂർ, ബേപ്പൂർ, വടകര കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്കും കോഴിക്കോട് സിറ്റി, റൂറൽ പോലീസ് സ്റ്റേഷനുകളിലേക്കും പോർട്ട് ഓഫീസർ ഫിഷറീസ്, കോഴിക്കോട്, കൊയിലാണ്ടി, വടകര TEOC കളിലേക്കും അറിയിപ്പ് കൊടുത്തതായി കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. ആരോഗ്യവകുപ്പിലേക്ക് വൈദ്യസഹായത്തിനായി അറിയിപ്പ് കൊടുത്തിട്ടുണ്ടെന്നും കലക്ടർ പറഞ്ഞു.

✪✪✪

നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ലിമിറ്റഡ് ഗവേണിംഗ് കൗൺസിലിന്റെ ആറാമത് യോഗം ന്യൂഡൽഹിയിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ചേർന്നു. NIIF ന്റെ നിലവിലെ ഫണ്ടിനെക്കുറിച്ചും പ്രധാന മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. NIIF ഭാവിയിലേക്ക് സമാഹരിക്കുന്ന ഫണ്ടുകളുടെ സ്വഭാവവും മൂലധന സമാഹരണത്തിനായി സ്വീകരിക്കേണ്ട പുതിയ വഴികളും ഉൾപ്പെടെ കാര്യങ്ങളും ചർച്ചയായി.

✪✪✪

മുംബൈയിലെ ലോക്കൽ നോൺ AC ട്രെയിനുകളിലെ ഓട്ടോമാറ്റിക് ഡോർ ക്ലോസിംഗ് പ്രശ്നത്തിന് പ്രായോഗിക പരിഹാരം കണ്ടെത്തുന്നതിനായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്റഗ്രേറ്റഡ് കോച്ച് ഫാക്ടറി സംഘവുമായി കൂടിക്കാഴ്ച നടത്തി. മുംബൈയിൽ ഒരു ലോക്കൽ ട്രെയിനിന്റെ ഫുട്ബോർഡിൽ യാത്ര ചെയ്യുന്നതിനിടെ നാല് യാത്രക്കാർ മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലായിരുന്നു യോഗം.

✪✪✪

പരിസ്ഥിതി സംരക്ഷണത്തെയും സമഗ്ര വളർച്ചയെയും സമന്വയിപ്പിക്കുന്ന വികസനമാതൃകയാണ് കഴിഞ്ഞ ദശകത്തിൽ ഇന്ത്യ സ്വീകരിച്ചതെന്ന്

കേന്ദ്രഗവൺമെന്റ് അറിയിച്ചു. നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും ഹരിത അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ശക്തമായ പ്രതിബദ്ധതയാണ് രാജ്യം പ്രകടിപ്പിച്ചതെന്ന് ഗവൺമെന്റ് അറിയിച്ചു.

✪✪✪

ഇന്ത്യയുടെ ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ലയെ ബഹിരാകാശത്തേക്ക് കൊണ്ടുപോകുന്ന ആക്സിയം-4 ദൗത്യത്തിന്റെ ഇന്നത്തെ വിക്ഷേപണം മോശം കാലാവസ്ഥയെത്തുടർന്ന് നാളത്തേയ്ക്ക് മാറ്റി. നാളെ വൈകിട്ട് 5:30 ന് വിക്ഷേപണം നടത്തുമെന്ന് ISROചെയർമാൻ V.നാരായണൻ സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു. US, ഇന്ത്യ, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിലെ നാല് ബഹിരാകാശയാത്രികരെ ലോ എർത്ത് ഓർബിറ്റിൽ 14 ദിവസത്തെ ശാസ്ത്രീയ ദൗത്യത്തിനായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് കൊണ്ടുപോകുന്നതാണ് ഈ ചരിത്ര ദൗത്യം.

ISRO യുടെ നേതൃത്വത്തിൽ നിരവധി വിപ്ലവകരമായ ഗവേഷണ പദ്ധതികൾ ഉൾപ്പെടെ 31 രാജ്യങ്ങളിൽ നിന്നുള്ള 60 ഓളം ശാസ്ത്രീയ പഠനങ്ങൾ ബഹിരാകാശയാത്രികർ നടത്തും.

നിലവിലെ ബഹിരാകാശ ഗവേഷണത്തെയും ഭാവിയിലെ ദീർഘകാല ബഹിരാകാശ ദൗത്യങ്ങളെയും പിന്തുണയ്ക്കുക, ഭ്രമണപഥത്തിൽ ശേഖരിക്കുന്ന ഡാറ്റയിലൂടെ ഭൂമിയെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളെ സഹായിക്കുക എന്നിവയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. LDF സ്ഥാനാർഥി M.സ്വരാജ് ഇന്ന് ചുങ്കത്തറയിൽ പര്യടനം നടത്തും. UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പര്യടനം ചുങ്കത്തറ മാമ്പൊയിലിൽ മുസ്ലീം ലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. NDA സ്ഥാനാർഥി മോഹൻ ജോർജ് ഇന്ന് മൂത്തേടം പഞ്ചായത്തിൽ പര്യടനം നടത്തും.

ഉപതെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന വോട്ടിങ് മെഷീനുകളുടെ രണ്ടാംഘട്ട റാൻഡമൈസേഷൻ ഇന്നലെ പൂർത്തിയായി.

✪✪✪

വികസിത് കൃഷി സങ്കല്പ് അഭിയാൻ യാത്ര ഇന്ന് കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്കിൽ പര്യടനം നടത്തും. തിക്കോടി, പയ്യോളി എന്നിവിടങ്ങളിലാണ് പരിപാടി.

✪✪✪

വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്നു. ഇന്ന് ആന്തൂർ, തൃപ്പങ്ങോട്ടൂർ, മാലൂർ, കോളയാട് എന്നിവിടങ്ങളിൽ കാർഷിക മേഖലയിലെ വിദഗ്ധർ കർഷകരുമായി സംവദിക്കും.

✪✪✪

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2025-26 അധ്യയന വർഷത്തെ കുട്ടികളുടെ കണക്കെടുപ്പ് ഇന്ന് നടത്തും. വൈകിട്ട് അഞ്ച് വരെ വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കും. അതിനുശേഷം ഉണ്ടാകുന്ന കണക്കുകൾ നിർണയത്തിന് അനുവദിക്കില്ലെന്നും, കണക്കെടുപ്പിൽ എന്തെങ്കിലും അപാകത സംഭവിച്ചാൽ ഉത്തരവാദിത്വം പ്രധാനാധ്യാപകനായിരിക്കുമെന്നും മന്ത്രി V ശിവൻകുട്ടി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം നിലവിൽ വന്നു. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസം നീളുന്ന ട്രോളിങ് നിരോധനത്തിനാണ് തുടക്കമായത്. സംസ്ഥാനത്തെ നാലായിരത്തോളം ട്രോളിങ് ബോട്ടുകൾക്ക് നിരോധനം ബാധകമാകും.

മത്സ്യങ്ങളുടെ പ്രജനനകാലമായ മൺസൂൺ സമയത്ത് അടിത്തട്ടിലെ മത്സ്യബന്ധനം ഒഴിവാക്കി മത്സ്യസമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കാലയളവിൽ ട്രോളിംഗ് ബോട്ടുകൾക്ക് വിലക്കേർപ്പെടുത്തുന്നത്. സംസ്ഥാനത്തെ നാലായിരത്തോളം ട്രോളിങ് ബോട്ടുകൾക്ക് നിരോധനം ബാധകമാകും.

✪✪✪

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മുന്നൊരുക്കങ്ങൾ, കടൽ പ്രക്ഷുബ്ദമാകുന്ന സാഹചര്യത്തിൽ ജില്ലയിൽ ഏർപ്പെടുത്തിയ സുരക്ഷ മുൻകരുതലുകൾ എന്നിവ നിരീക്ഷിക്കുന്നതിന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ നേതൃത്വത്തിൽ പുതിയാപ്പ ഹാർബർ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തി. മത്സ്യബന്ധന യാനങ്ങളുടെ പരിശോധനയിൽ, രജിസ്ട്രേഷൻ നമ്പറും സ്പെഷ്യൽ പെർമിറ്റും ഇല്ലാതെ മത്സ്യബന്ധനം നടത്തിയ ഒരു മത്സ്യബന്ധന ബോട്ട് കസ്റ്റഡിയിലെടുക്കുകയും രണ്ടര ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തു.

✪✪✪

ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ അനധികൃത പാർക്കിംഗ് നിയന്ത്രിക്കുന്നതിനായി അടുത്ത മാസം ആദ്യവാരം മുതൽ പാർക്കിംഗ് ഫീസ് ഏർപ്പെടുത്തും. മന്ത്രി P.A മുഹമ്മദ് റിയാസിന്റെ അധ്യക്ഷതയിൽ ചേർന്ന ബേപ്പൂർ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി യോഗത്തിലാണ് തീരുമാനം. ഹാർബറിൽ കുടിവെള്ളം എത്രയും വേഗത്തിൽ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ MS ധോണിയെ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ ഹാൾ ഓഫ് ഫെയിമിൽ ഉൾപ്പെടുത്തി. സമ്മർദ്ദ ഘട്ടത്തിലും ശാന്തത പാലിക്കുന്നതിലും അതുല്യമായ തന്ത്രപരമായ മികവ് പുലർത്തുന്നതിലും ധോണിക്ക് കഴിഞ്ഞുവെന്നും ഈ വർഷം ആദരിക്കപ്പെട്ട ഏഴ് ക്രിക്കറ്റ് കളിക്കാരിൽ ധോണിയും ഉൾപ്പെടുന്നതായും ICC അറിയിച്ചു.

ലോകമെമ്പാടുമുള്ള ക്രിക്കറ്റ് കളിക്കാരുടെ സംഭാവനകളെ അംഗീകരിക്കുന്ന ICC ഹാൾ ഓഫ് ഫെയിമിൽ ഉൾപ്പെട്ടത് ബഹുമതിയാണെന്നും അതിന് ഹൃദയംഗമമായ നന്ദിയുണ്ടെന്നും MS ധോണി പ്രതികരിച്ചു.

✪✪✪

ഫുട്ബോളിൽ 2027 AFC ഏഷ്യൻ കപ്പ് ക്വാളിഫയർ ഫൈനൽ റൗണ്ടിൽ ഇന്ത്യയുടെ സീനിയർ പുരുഷ ടീം ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 5:30 ന് മത്സരം ആരംഭിക്കും.

✪✪✪

നെതർലൻഡ്സിലെ ആംസ്റ്റൽവീനിൽ FIH ഹോക്കി പ്രോ ലീഗ് പുരുഷ മത്സരത്തിൽ ഇന്ത്യയ്ക്ക് പരാജയം. നെതർലൻഡ്സിനോടാണ് ഇന്ത്യൻ ടീം തോറ്റത്.

നാളെ ഇന്ത്യ അർജന്റീനയെ നേരിടും.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മറ്റന്നാൾ മുതൽ മഴ കനക്കുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

✪✪✪

രാജ്യത്തെ തന്നെ ഏറ്റവും ഗുണനിലവാരമുള്ള BM & BC യിലാണ് സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നതെന്നും ഈ നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകൾക്ക് അഞ്ച് വർഷത്തോളം കേടുപാടുകൾ സംഭവിക്കില്ലെന്നും മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. നവീകരിച്ച കോഴിക്കോട് കടിയങ്ങാട്- പെരുവണ്ണാമൂഴി- ചെമ്പനോട- പൂഴിത്തോട് റോഡ് ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കൊല്ലത്തെ അഞ്ചൽ പോസ്റ്റോഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ കേന്ദ്ര പോസ്റ്റൽ മന്ത്രാലയം അനുമതി നൽകിയതായി N.K പ്രേമചന്ദ്രൻ MP അറിയിച്ചു. ഒരു കോടി 58 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന കെട്ടിടമാണ് നിർമ്മിക്കുന്നത്. വലിയ ഹാളും സേവനങ്ങൾക്കുള്ള കൗണ്ടറും സജ്ജമാക്കും. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകം ശുചിമുറികൾ നിർമ്മിക്കും. ഭിന്നശേഷിക്കാർക്ക് സൗഹൃദമായ കെട്ടിടത്തിൽ അവർക്കായി പ്രത്യേക ശുചിമുറി സൗകര്യമൊരുക്കും.

പോസ്റ്റ് മാസ്റ്റർ ജനറൽ അനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ വിളിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും M.P അറിയിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന്റെ പ്രധാന ചടങ്ങുകളിൽ ഒന്നായ ഭണ്ഡാരം എഴുന്നള്ളത്ത് ഇന്നലെ നടന്നു. മണത്തണ കരിമ്പനയ്ക്കൽ ഗോപുരത്തിൽനിന്ന് അർധരാത്രിയോടെയാണ് ഭണ്ഡാരങ്ങൾ അക്കരെ കൊട്ടിയൂരിലേക്ക് എഴുന്നള്ളിച്ച് എത്തിച്ചത്.

മാനന്തവാടി മുതിരേരി ക്ഷേത്രത്തിൽനിന്ന് കൊണ്ടുവന്ന വാളും ഇക്കരെ ക്ഷേത്രത്തിലെ ബലിബിംബങ്ങളും അക്കരെ കൊട്ടിയൂരിൽ എത്തിച്ചതോടെ സ്വയംഭൂവിൽ നിത്യപൂജകൾക്ക് തുടക്കമായി.

ഇന്ന് രാവിലെ മുതൽ സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശിക്കാനാവും.

✪✪✪

---

***News Editor : പി ചന്ദ്രബാബു***
***News Reader:നിമിഷ ജി***
***NRT : സബിത ആനന്ദ്***
***DEO : ഷീബ***